**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 3362.** · **24.02.2016 ൽ മറുപടിയ്ക്ക്.**

**തീവ്ര പ്രകാശമുള്ള ഹെഡ് ലൈറ്റുകൾ**

| ചോദ്യം<br>ശ്രീ.കെ.എൻ.എ. ഖാദർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഹൈറേഞ്ച് പ്രദേശങ്ങളിലും മഞ്ഞു വീഴ്ചയുള്ള സ്ഥലങ്ങളിലും മോട്ടോർ വാഹനങ്ങളിൽ ഉപയോഗിക്കുന്ന തീവ്രപ്രകാശമുള്ള ഹെഡ് ലൈറ്റുകൾ, ഹൈറേഞ്ച് അല്ലാത്ത പ്രദേശങ്ങളിലും വാഹനങ്ങളിൽ ഉപയോഗിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം ഹെഡ് ലൈറ്റുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടെത്തുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിയ്ക്കുമോ; | (ബി) | തീവ്ര പ്രകാശം പൊഴിക്കുന്നതും, നിയമ വിരുദ്ധമായ ലൈറ്റുകൾ ഉപയോഗിക്കുന്നതുമായ വാഹനങ്ങൾ കണ്ടെത്തുന്നതിനായി രാത്രികാല ചെക്കിംഗ് സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പകൽ സമയത്തും ചെക്കിംഗ് നടത്തുന്ന സമയത്തും വാഹനത്തിൽ നിയമ വിരുദ്ധമായ ലൈറ്റുകൾ ഉപയോഗിക്കുന്നുണ്ടോ എന്നുള്ള കാര്യം പരിശോധിക്കാറുണ്ട്. |
| (സി) | ഇത്തരം ഹെഡ് ലൈറ്റുകൾ ഉപയോഗിക്കുന്നതുമൂലം എതിരേ വരുന്ന വാഹനങ്ങൾ അപകടത്തിൽ പ്പെടാനിടയുണ്ടെന്നതിനാൽ ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ? | (സി) | ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.